

# എന്റെ കേരളം

**കാരൂർ സോമൻ**
**ലണ്ടൻ**

നമ്മുടെ കേരളം എന്തായവണം, എങ്ങനെയാവണം?
ഈ രീതിയിലുള്ള വികസനം നമുക്കു മതിയോ?
പ്രവാസികാഴ്ചപ്പാടിലൂടെ ഒരു തുറന്ന വിശകലനം

113, Oakfield Road, LONDON
E6-ILN- England
Contact: 0044-208-470-1533
E-Mail: karoorsoman@yahoo.com
Web: www.karursoman.com

**കേ**രളം എങ്ങനെയാകണമെന്ന് ഒരു പ്രവാസി എപ്പോഴും നോക്കിക്കാണാറുണ്ട്. ജീവിതസാഹചര്യങ്ങളും വികസനവും വിദേശത്തുള്ളതു പോലെയാവണമെന്നല്ല, എന്നാൽ താരതമ്യപ്പെടുത്തുമ്പോൾ ഒട്ടും നിലവാരമില്ലാത്തതോ താഴേയ്ക്കു പോവുന്നതോ ആകരുതെന്നു നിർബന്ധമുണ്ട്. വികസനത്തിന്റെയും വികസനനയങ്ങളുടെയും കാര്യത്തിലും ഇങ്ങനെ തന്നെ. ഇതിനു എന്തു വേണം. ആധുനികമായ വിധത്തിൽ ലോകത്തിൽ സംഭവിക്കുന്ന മാറ്റങ്ങളെ നാം ഉൾക്കൊള്ളണം, ഒപ്പം മാറാൻ നാം തയ്യാറുവുകയും വേണം. ദുബായ്, ലണ്ടൻ, ന്യൂയോർക്ക് പോലെ ഒറ്റയടിക്ക് മാറാൻ നമുക്ക് കഴിയില്ല. എന്നാൽ കൊച്ചിയിൽ മെട്രോ പദ്ധതി നടപ്പിലാക്കാൻ പത്തു വർഷമെടുക്കുന്നിടത്താണ് നമ്മുടെ പരാജയം. സ്വകാര്യമേഖലയിൽ നടക്കുന്ന വികസനത്തിന്റെ അഞ്ചു ശതമാനം പൊതുമേഖലയിൽ നടക്കുന്നില്ല. സർക്കാർ നടത്തുന്ന സ്ഥാപനങ്ങൾ നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്നു. ഇവിടെ എന്താണ് വാസ്തവത്തിൽ സംഭവിക്കുന്നത്. നമ്മുടെ പദ്ധതികൾ പാളുന്നതിനു പിന്നിലെന്താണ് കാരണമെന്നാണ് നാം ആദ്യം വിശകലനം ചെയ്യേണ്ടത്. ഏകജാലകസംവിധാനം ആവശ്യമാണെന്നു പറയുമ്പോഴും സ്വകാര്യമേഖലയിൽ ഈ വികസനങ്ങൾ സാധ്യമാവുന്നത് ഈ ഏകജാലകം കൊണ്ടു കൂടിയാണോ എന്നറിയണം. ഇവിടെ ഇനി ആവശ്യമുള്ളത് കറകളഞ്ഞ ഒരു സോഷ്യലിസം തന്നെയാണെന്നാണ് എനിക്കു തോന്നുന്നത്. സഹകരണമാണ് സോഷ്യലിസം. കൂട്ടായ സംരംഭത്തിലൂടെയും പരസ്പരസഹായത്തിലൂടെയും മനുഷ്യജീവിതത്തിന് മേന്മയുണ്ടാക്കാനുള്ള ശ്രമം സാമൂഹ്യജീവിതത്തിന്റെ ഭാഗമാണ്. അതു പിന്തുടരാൻ കേരളവും കേരളീയ ജനതയും തയ്യാറാവണം.

സഹകരണ പ്രസ്ഥാനങ്ങൾക്ക് ഇത്തരത്തിൽ വലിയ അർത്ഥവ്യാപ്തിയാണുള്ളത്. കേരളത്തിൽ ജീവിതത്തിന്റെ നാനാമേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഗുണങ്ങൾ എത്തിയിട്ടുണ്ട്. വിദ്യാഭ്യാസരംഗം മുതൽ ആതുരസേവനമേഖലവരെ നീളുന്ന ചെറുതും വലുതുമായ സഹകരണസ്ഥാപനങ്ങൾ നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നു. വാണിജ്യമേഖലയിൽ ചുവടുറുപ്പിച്ച സഹകരണ ബാങ്കുകൾ ജനങ്ങളെ സഹായിക്കുന്ന സാമ്പത്തിക സഹായഹസ്തങ്ങളാണ്. ഇതെല്ലാം ഒരുവശം മാത്രമാണ്.

സഹകരണ മേഖലയിൽ അർത്ഥവത്തായ ജനാധിപത്യ ഭരണസംവിധാനങ്ങൾ പുനഃസ്ഥാപിക്കപ്പെടുകയാണ്. ഇത് കേരളത്തിന്റെ സാമൂഹികസാമ്പത്തിക രംഗങ്ങളിൽ വലിയ മാറ്റത്തിന് വഴിയൊരുക്കും. നാളത്തെ കേരളം' എങ്ങനെ വേണമെന്നതിനെക്കുറിച്ച് കാര്യമായ ഒരു പര്യാലോചനയ്ക്ക് തുടക്കമിടാൻ ഇതു സാധിക്കും. നമുക്ക് വേണ്ടത് ലക്ഷ്യത്തിലെത്താൻ കഴിയുന്ന വികസനമാണ്. അത് സമയബന്ധിതമായിരിക്കണം.

കേരളത്തിൽ പദ്ധതികൾക്കൊന്നും പഞ്ഞമില്ല. അത് പക്ഷേ നടപ്പിലാക്കുന്ന വിധത്തിലാണ് പാളിച്ച. വികസനകാര്യത്തിൽ രാഷ്ട്രീയ പക്ഷപാതം വേണ്ട എന്ന് പലപ്പോഴും ചേലിനുവേണ്ടി പറയാറുണ്ട്. പക്ഷേ കാര്യത്തോടടുക്കുമ്പോൾ വികസന കാര്യങ്ങളെ പാടേ മറക്കുകയും രാഷ്ട്രീയം പ്രധാന ലക്ഷ്യമായിത്തീരുകയും ചെയ്യുന്നു. കേരളം രാഷ്ട്രീയ അതിപ്രസരത്തിന്റെ നാടാണെന്നൊരു ദുഷ്പ്പേര് പതിഞ്ഞിട്ടുണ്ട്. ഈയിടെയായി അതിന് ചെറിയ മാറ്റം വന്നിട്ടുണ്ടെങ്കിലും കക്ഷിരാഷ്ട്രീയത്തിന്റെ തിമിരം പൂർണമായി മാറിയിട്ടില്ല.

നിയമസഭയുടെ 125ാം വാർഷികത്തോടനുബന്ധിച്ച് നടന്ന 'നാളത്തെ കേരളം' സെമിനാർ ഉദ്ഘാടനം ചെയ്ത മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഇങ്ങനെ പറഞ്ഞു; "ഓരോ രാഷ്ട്രീയപ്പാർട്ടിക്കും അവരുടേതായ നയസമീപനങ്ങളുണ്ട്. ഇത് പൊടുന്നനെ മാറില്ല. എന്നാൽ നാടിന്റെ വികസനത്തിൽ ഒരു പൊതുസമവായം ഉണ്ടാവേണ്ടതുണ്ട്. യോജിക്കാവുന്ന മേഖലകളിൽ എല്ലാ പാർട്ടികളും സഹകരിച്ച് ഒന്നിച്ച് പ്രവർത്തിക്കണം". എത്ര ശരിയാണ്. എന്നാൽ ഇന്നു നടക്കുന്നതോ.. കൊച്ചിയിലെ സ്മാർട്ട്സിറ്റി പദ്ധതി മുതൽ വിഴിഞ്ഞം സീ പോർട്ട് വരെ... ആറന്മുള വിമാനത്താവളം മുതൽ മെട്രോ റെയിൽ വരെ... ഒടുവിൽ ദക്ഷിണേന്ത്യയിൽ ഏറ്റവും വലിയ മാൾ നിർമ്മിച്ച് കേരളത്തിന്റെ വികസനത്തിന് അഭിമാനമാനമായി മാറിയ എം.എ യൂസഫലിക്കും കിട്ടി, വാക്കുകളുടെ അധിക്ഷേപം.

കമ്പ്യൂട്ടർ അടക്കം എല്ലാ യന്ത്രങ്ങളെയും ശത്രുതയോടെ കണ്ടിട്ടുള്ള ഇടതുപക്ഷത്തുള്ളവർ വികസനവിരോധികളാണെന്നു പറയുന്നില്ല. പക്ഷേ, അവർ കേരളത്തിന്റെ വികസനത്തെ എത്രമാത്രം പിന്നോട്ടടിച്ചുവെന്നു കൂടി ഓർക്കണം. കമ്പ്യൂട്ടർ നിയന്ത്രിത എടിഎം മുറികൾക്കു മുന്നിൽ നാളുകളോളം സമരം ചെയ്തതു മണ്ടത്തരമാണെന്നു മനസ്സിലാക്കിയ അവർ മറ്റു പലേടത്തും കൈകടത്തുന്നതും കാര്യങ്ങൾ പഠിക്കാതെയാണെന്നു വ്യക്തം. അറബിക്കഥ എന്ന സിനിമയിലെ ക്യൂബ മുകന്ദനെ പോലെയുള്ള സഖാക്കളെയാണ് കേരളവികസനത്തിൽ നമുക്ക് ആവശ്യം. അല്ലാതെ, വിവിധ കാലങ്ങളിൽ നടത്തിയ തലതിരിഞ്ഞ സമരങ്ങൾ കേരളസമൂഹത്തെ പിന്നോട്ടടിച്ചതിൽ ഊറ്റം കൊള്ളുന്നവരെയല്ല.

പുറത്തു നിന്നു നോക്കുന്ന ഒരു പ്രവാസിക്ക് വിദ്യാഭ്യാസം, ആരോഗ്യം, നൂതന സാങ്കേതികവിദ്യ എന്നീ കാര്യങ്ങൽ കേരളത്തിന്റെ അവസ്ഥ കണ്ട് ഏറെ പരിതപിക്കേണ്ടി വന്നിട്ടുണ്ട്. കാരണം ഗൾഫ്, യൂറോപ്പ്, യുഎസ് അടക്കമുള്ളിടത്ത് മലയാളികൾ ഇതെല്ലാം ആവോളം ആസ്വദിക്കുന്നുണ്ട്. സ്വന്തം നാട്ടിൽ മാത്രമാണ് അവർക്കിതെല്ലാം കിട്ടാക്കനി. ഇന്ന് കഥ മാറിയെന്നു വേണം പറയാൻ. വികസനത്തിന്റെ ഐക്കൺ ആയി മാറിയേക്കാവുന്ന ഒട്ടേറെ അടിസ്ഥാന സൗകര്യങ്ങളിൽ കേരളം മുന്നേറിയിരിക്കുന്നു. പേഴ്സൺ കംപ്യൂട്ടറുകളുടെയും ഗാഡ്ജറ്റുകളുടെയും കാര്യത്തിൽ രാജ്യത്തു തന്നെ നാം മുൻനിരയിലെത്തി. ഈ നിലയിൽ, ഏതൊരു

കേരളീയനെയും അഭിമാനപ്പെടുത്തുന്ന സംഗതി, ഐ.ടി രംഗത്ത് രാജ്യത്ത് ഏറ്റവും കൂടുതൽ മാനവശേഷിയുള്ള സംസ്ഥാനമായി കേരളം മാറി എന്നതിലാണ്. അതേസമയം ഐ.ടി വ്യവസായത്തിൽ കർണാടകം കേരളത്തെ ബഹുദൂരം പിന്നിലാക്കി. ഇവിടെ നാം മുന്നേറേണ്ടിയിരിക്കുന്നു.

വികസന സങ്കൽപങ്ങൾ മാറുകയാണ്. കേരളത്തിന്റെയും പ്രവാസികളുടെയും. കഴിഞ്ഞ തവണ നാട്ടിൽ വന്നപ്പോഴാണ് ഈവിഷയത്തെ ഗൗരവമായി സമീപിച്ചത് പഠിച്ചത്. സംസ്ഥാനങ്ങളിൽ എങ്ങനെ വികസന പരിപാടികൾ നടപ്പാക്കണം എന്നതു സംബന്ധിച്ച് ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിരിക്കുന്നു. ദീർഘകാല പദ്ധതികളും ഹ്രസ്വകാലപദ്ധതികളും അതാതു സംസ്ഥാനങ്ങൾക്ക് യോജിച്ച നിലയിലാവണം. എങ്കിലേ വികസനം ഈടുനിൽക്കൂ, അവിടുത്തെ ജനങ്ങൾ അതിന്റെ ഗുണഭോക്താക്കളാകൂ. ഇക്കാര്യത്തിൽ കേരള സംസ്ഥാനം രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാകാകുന്നതിൽ നമുക്ക് അഭിമാനിക്കാം. ആസൂത്രണവും വിനിയോഗവും നമുക്കു കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോവേണ്ടിയിരിക്കുന്നു. കേരളത്തിൽ വരുന്ന 17 വർഷം കൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതികൾ എന്തെല്ലാമാണെന്ന് തീരുമാനിച്ചു. ഇക്കഴിഞ്ഞ മേയ് മാസത്തോടെ സർക്കാർ ഇതിനു അന്തിമരൂപം നൽകി. വിഷൻ 2030 എന്നാണ് ഈ പരിപാടിയുടെ പേര്. ഈ ദീർഘവീക്ഷണമാണ് നമുക്ക് ഇല്ലാതെയിരുന്നത്. ഈ നിലയിൽ വികസനം നമുക്കു രസ്ച്ചരടല്ല. അവശ്യമായി മാറുന്നുവെന്ന ബോധമാണ് കേരളത്തിന്റെ മാറുന്ന മുഖമായി ഓരോ പ്രവാസിയും കാണുന്നത്.

കാറിൽ സഞ്ചരിക്കുമ്പോൾ പളുപളുപ്പുള്ള റോഡ് എങ്ങനെ ഉണ്ടായി എന്നു നാം ഓർക്കുന്നില്ല, അത് എങ്ങനെ നിലനിർത്തുന്നുവെന്ന് നാം ഓർക്കുന്നില്ല. ഒരു അഞ്ച് രൂപ ടോൾ കൊടുക്കേണ്ടി വന്നാൽ നമുക്ക് അസഹ്യത. ഇവിടെ നിന്നാണ് കേരളം ഇപ്പോൾ പുതിയ പദ്ധതികളുടെ പന്ഥാവിലൂടെ വികസനത്തിന് ഒരു നയരേഖ ഉണ്ടാക്കിയിരിക്കുന്നതെന്ന് ആലോചിക്കണം. ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം രാജ്യത്തെ ആദ്യത്തെ ചുവടുവെയ്പ്പാണത്രേ ഇത്. ഡൽഹിയിലെ നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ച് തയ്യാറാക്കിയതാണ് ഈ കരട് പദ്ധതി .

നമുക്കു കൈമോശം വന്നു കൊണ്ടിരിക്കുന്ന കൃഷി, മുന്നേറേണ്ടുന്ന വ്യവസായം, ഏറെ പ്രചാരം നൽകേണ്ട ടൂറിസം, അടിസ്ഥാന സൗകര്യങ്ങളിലൊന്നായ ഗതാഗതം, വൈദ്യുതി ഉൽപാദനം, ജലസ്രോതസ്സ് സംരക്ഷണം തുടങ്ങി എല്ലാ മേഖലകളിലുമുള്ള പൊതുവായ വികസനത്തിനാണ് ലക്ഷ്യമിടുന്നത്.

ആസൂത്രണ ബോർഡുമായി ദീർഘമായ ചർച്ച നടത്തിയശേഷം നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ചിന്റെ ഡയറക്ടർ ജനറൽ അവതരിപ്പിച്ച പദ്ധതിയുടെ കരട് അടുത്ത നാല് പഞ്ചവത്സര പദ്ധതികൾ ഉൾക്കൊള്ളുന്നവയാണ്. ഭാവി തലമുറയ്ക്കുവേണ്ടി ദീർഘവീക്ഷണപരമായി കേരളത്തെ രൂപപ്പെടുത്തുക എന്നതാണ് ഈ ദീർഘകാല ആസൂത്രണത്തിന്റെ ലക്ഷ്യം. വരുംതലമുറയ്ക്ക് നമ്മുടെ നാട് ജീവിതയോഗ്യമാക്കി മാറ്റുകയെന്നത് ഇന്ന് ജീവിക്കുന്ന ഓരോരുത്തരുടെയും കടമയാണ്. ഇതുവരെ പഞ്ചവത്സര പദ്ധതികൾക്ക് അപ്പുറത്തേക്കുള്ള വിചാരഗതികളൊന്നും ആസൂത്രണകാര്യത്തിൽ രാജ്യത്ത് ഒരിടത്തും ഉണ്ടായിട്ടില്ല. അല്ലെങ്കിൽ ഏതെങ്കിലും മന്ത്രിസഭയുടെ കാലാവധി കഴിയുന്നതുവരെ ആയിരിക്കും ആസൂത്രണവും പദ്ധതി വിഭാവനയും.

കേരളത്തിന്റെ വികസന സാധ്യതകൾ സമഗ്രമായി മുന്നിൽ കണ്ടുകൊണ്ട് വിശാല കാഴ്ചപ്പാടോടെ തയ്യാറാക്കുന്ന വിഷൻ2030 രാഷ്ട്രീയ തടസ്സങ്ങൾ ഏൽക്കാതെ സംരക്ഷിക്കേണ്ടത് ജനങ്ങളുടെ കടമയാണ്. ഭരണമാറ്റമുണ്ടായാലും വികസന പ്രക്രിയ അനസ്യൂതമായി തുടർന്നുപോകണമെന്നാണ് ഓരോ മലയാളിയും ആഗ്രഹിക്കുന്നത്. ഉമ്മൻ ചാണ്ടി സർക്കാർ അധികാരമേറ്റപ്പോൾ നടത്തിയ പ്രധാനപ്പെട്ട വാഗ്ദാനങ്ങളിലൊന്നാണ് കേരളത്തിനുവേണ്ടി ഒരു ദീർഘകാല വികസനപദ്ധതി. ഒരുവർഷത്തിനുള്ളിൽ നടപ്പാക്കുന്നവയും ദീർഘകാലമെടുത്ത് പൂർത്തിയാക്കുന്നവയും ആവിഷ്കരിക്കുന്ന രീതി തെരഞ്ഞെടുത്തതു തന്നെ പദ്ധതിയോടുള്ള ആത്മാർത്ഥത വ്യക്തമാക്കുന്നു. ഏതു രാഷ്ട്രീയ പാർട്ടി ഭരിച്ചാലും പദ്ധതികൾ സമയബന്ധിതമായി തീർക്കുന്ന കാര്യത്തിൽ നിർബന്ധബുദ്ധി പിടിച്ചാലേ കേരളം രക്ഷപ്പെടുകയുള്ളു എന്നു കൂടി പറഞ്ഞു കൊള്ളട്ടെ.

ആസൂത്രണ കമ്മീഷൻ അംഗങ്ങളിൽ നിന്നു ഓരോ പദ്ധതിയും വൈഭവശേഷിക്കനുസരിച്ച് നടപ്പാക്കുന്നതിനുള്ള പിന്തുണയും വൈദഗ്ധ്യവും വിഭവവുമാണ് സർക്കാർ കേന്ദ്രത്തിൽ നിന്നു വാങ്ങിച്ചെടുക്കേണ്ടത്. അതിനാവശ്യമുള്ള കേന്ദ്രമന്ത്രിമാർ നമുക്ക് ഇന്നുണ്ട്. ഇവരുടെ കരുത്ത് പ്രകടമാവേണ്ടത് ഈ വികസനത്തിലാണ്. വിദേശത്തുനിന്നോ ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ നിന്നോ വികസന സഹായം ലഭ്യമാക്കാനുള്ള കരുത്ത് നാം പ്രകടമാക്കേണ്ടിയിരിക്കുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ അന്തസത്ത പൂർണമായി ഉൾക്കൊണ്ട് വികസനകാര്യത്തിൽ സംസ്ഥാനം സ്വീകരിക്കുന്ന മാതൃകാപരമായ ഈ നീക്കത്തെ ജനാധിപത്യ വ്യവസ്ഥയുടെ പുതിയൊരു സാധ്യതയായി വിലയിരുത്തേണ്ടതാണ്. അതങ്ങനെ തന്നെ നോക്കിക്കണ്ടാലേ മാറുന്ന മുഖത്തിന്റെ തീവ്രചരായ നമുക്ക് മനസ്സിലാക്കാനാകൂ, പ്രത്യേകിച്ച് ആണ്ടിലൊരിക്കൽ നാട്ടിൽ വന്നു പോകുന്ന മലയാളിക്ക്.

കേരളത്തിലെ വികനത്തിന് എപ്പോഴും വിഘാതമായി നിലനിന്നിരുന്നത് ഭൂമി ലഭ്യമാകാത്ത പ്രശ്നമായിരുന്നു. കേന്ദ്രസർക്കാരിന് പൊതു ആവശ്യാർത്ഥം ഏത് ഭൂമിയും ഏറ്റെടുക്കാൻ അധികാരമുണ്ട്. പ്രതിരോധം, വ്യവസായം, റോഡ് നിർമാണം പോലുള്ള അനുബന്ധ വികസനം തുടങ്ങിയ ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ഉടമകളുടെ അസൗകര്യത്തേക്കാൾ പ്രാമുഖ്യം ലക്ഷ്യത്തിനാണ് കൽപിക്കുന്നത്. എന്നാൽ ഇനി മുതൽ ഈ അവസ്ഥയ്ക്ക് വലിയ മാറ്റമുണ്ടാകാൻ പോവുകയാണെന്നു ദേശീയ വാർത്തകൾ വ്യക്തമാക്കുന്നു. ഭൂമിയുടെ ഉടമസ്ഥർക്ക് പൊതുസ്വകാര്യ ആവശ്യങ്ങൾക്കായി ദീർഘ പാട്ടവ്യവസ്ഥയിൽ സ്ഥലം വിട്ടുകൊടുക്കാൻ കഴിയുന്നതാണ്. ഇതുമൂലം ഭൂഉടമയ്ക്ക് സ്ഥിരവരുമാനം ലഭിക്കും. സംരംഭകരുടെ മുതൽമുടക്ക് ലഘുവായി തീരുകയും ചെയ്യും. ഇതു ബില്ലായി പാർലമെന്റിൽ അവതരിപ്പിക്കുമ്പോൾ അതിന്റെ വലിയൊരു ഗുണഭോക്താവായി കേരളം മാറുമെന്നതാണ് വലിയൊരു നേട്ടം. ഭൂമിയുടെ പാട്ടം നിലവിൽ സംസ്ഥാനത്തിന്റെ അധികാര പരിധിയിൽപെട്ട വിഷയമാണ്. രാഷ്ട്രീയ പക്ഷപാതമോ സ്ഥാപിത താൽപര്യമോ നിഴലിക്കാത്തവിധം കർഷകർക്കും ഭൂഉടമകൾക്കും സംരംഭകർക്കും അനുകൂലമാംവിധം വേണ്ട നിയമനിർമാണം നടത്താൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ടായിരിക്കും.

ഭൂമി ഏറ്റെടുക്കലും പുനരധിവാസ പ്രശ്നവും വികസനത്തിന് കീറാമുട്ടിയായി തീർന്ന അവസരത്തിൽ ക്രിയാത്മകമായി അതിനൊരു പരിഹാരം കണ്ടെത്താൻ കഴിയുന്നത് ആശ്വാസകരമാണ്. സംരംഭങ്ങൾക്ക് ഭൂമിയുടെ ലഭ്യത കുറയുകയും ഭൂമി ഏറ്റെടുക്കൽ ചെലവ് മൂന്നരയിരട്ടിയായി വർധിക്കുകയും ചെയ്യുന്നെന്ന് വ്യവസായികളുടെ സംഘടന പരാതിപ്പെട്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ഗുണപരമായ ഈ നീക്കമെന്നത് ഏറെ ശ്രദ്ധിക്കണം. രാജ്യത്തെ ഉൽപാദന മേഖലയ്ക്ക് പിൻബലമേകുന്ന ഒരു നിയമമായി പുതിയ പാട്ടവ്യവസ്ഥ മാറുന്നതാണ്. അതോടൊപ്പം ഭൂമി കൈവിട്ടുപോകുന്നില്ല എന്ന ആശ്വാസം ഉടമകൾക്കുണ്ട്.

പദ്ധതികൾക്ക് കൃഷിഭൂമി ഉൾപ്പെടെ എല്ലാത്തരം ഭൂപ്രദേശവും പാട്ടവ്യവസ്ഥയിൽ കൈമാറാമെന്ന നിയമം പ്രാബല്യത്തിൽ വരുന്നതോടെ വ്യവസായ സംരംഭങ്ങൾ ഉണ്ടാകുന്നതിന് തടസ്സമായിത്തീരുന്ന ആദ്യത്തെ കടമ്പ തരണം ചെയ്യുകയാണ്. ഭൂമിയുടെ ലഭ്യത ഏറ്റവും കുറവുള്ള കേരളം പോലുള്ള സംസ്ഥാനത്തിന് പുതിയ വ്യവസ്ഥ വലിയ അനുഗ്രഹമായിത്തീരും. കേന്ദ്ര നിയമത്തിന്റെ ചുവടുപിടിച്ച് പാട്ടവ്യവസ്ഥയിൽ ഉദാരവും ക്രിയാത്മകവുമായ തീരുമാനമെടുക്കാൻ സംസ്ഥാന സർക്കാരിനും കഴിയുമെന്ന് പ്രത്യാശിക്കാം.

വികസനത്തിന് വിലങ്ങുതടിയാവുന്ന നമ്മുടെതന്നെ മൗഢ്യങ്ങളെ നാം തിരിച്ചറിഞ്ഞ് സ്വയം ദൂരീകരിക്കേണ്ടതാണ്.